# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: എഫ്3/25255/11

തൈക്കാട്, തിരുവനന്തപുരം - 14
തീയതി :07/11/2011.

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഐ.ടി.ഐ/ ഐ.ടി.സി പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് വിഭാഗം - ഐ.ടി.ഐ/ഐ.ടി.സി ട്രെയിനികളുടെ 2011-ലെ പുന: പ്രവേശനം - സംബന്ധിച്ച്.

****************

2010 ജൂലൈയിൽ നടന്ന അഖിലേന്ത്യാ പരീക്ഷയ്ക്ക് 80% ഹാജർ തികയാത്തതിനാൽ എഴുതാൻ കഴിയാതെ പോയ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ ട്രെയിനികൾക്ക് 2011-ജൂലൈയിൽ നടക്കുന്ന അഖിലേന്ത്യാ പരീക്ഷ എഴുതുന്നതിനായി പുന: പ്രവേശനം അനുവദിക്കുന്നതാണ്. ഒരോ ഐ.ടി.ഐകളിലും പുന: പ്രവേശനത്തിന് അപേക്ഷിക്കുന്ന ട്രേഡിലുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലായിരിയ്ക്കും പുന: പ്രവേശനം അനുവദിയ്ക്കുക.

പുന:പ്രവേശനത്തിനായുള്ള അപേക്ഷകൾ 2011 നവംബർ 19-നു മുമ്പായി ബന്ധപ്പെട്ട ഐ.ടി.ഐ/ഐ.ടി.സി പ്രിൻസിപ്പാൾമാർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ 2011-ൽ ഓരോ ട്രേഡുകളിലുമുള്ള (സീനിയർ) ഒഴിവുകളുടെ റിപ്പോർട്ടും അപേക്ഷയിന്മേലുള്ള

ശുപാർശയും സഹിതം 2011 നവംബർ 25-ാം തീയതിയ്ക്കു മുൻപായി അപേക്ഷകൾ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

ഇക്കാര്യത്തിൽ നിർദ്ദിഷ്ഠ സമയ പരിധി കൃത്യമായും പാലിക്കേയ്ണ്ടതാണ്.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

(പ്രിൻസിപ്പാൾമാരുടെ അധികാരപരിധിയിൽ വരുന്ന ഐ.ടി.സി പ്രിൻസിപ്പാൾമാർക്ക് ഈ കത്തിന്റെ പകർപ്പ് അയച്ചുകൊടുക്കേണ്ടതാണ്)

പകർപ്പ്:
1) ട്രെയിനിംഗ് ഡയറക്ടറുടെ സി.എ.
2) അഡീഷണൽ ഡയറക്ടറുടെ സി.എ.
3) ജോയിന്റ് ഡയറക്ടറുടെ സി.എ.
4) ജോയിന്റ് ഡയറക്ടർ (മേഖലാകേന്ദ്രം).
5) എല്ലാ ഐ.ടി. മാർക്കും.
6) ഡി.ഡിടി, ഡി.ഡി.പി, ഡി.എസ്.എ

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

ആർ.10/11